## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## അഡീഷണൽ ഡയറക്ടറുടെ(എ&റ്റി) നടപടിക്രമം

---

വിഷയം:- ആവഡ-ജീവനക്കാര്യം-ശ്രീമതി.ഷീനമോൾ ജോസഫിനെ നഴ്സിംഗ് ഓഫീസർ തസ്തികയിൽ താത്ക്കാലികമായി ഉൾപ്പെടുത്തി പുറപ്പെടുവിച്ച നോട്ടീസ് അന്തിമമാക്കി ഉത്തരവാകുന്നു.

പരാമർശം:- 1.ഉത്തരവ് നം.ഇ.എസ്3-1041/2022/ആ.വ.ഡ,തീയതി:25/05/2023
2.കത്ത് നം.DMOH-KKD/8102/2024-A5,തീയതി:17/11/2024
3.അഡ്വൈസ് നം.DIII(3)388-97/KPSC KKD, DTD.17/02/2003
4.ഉത്തരവ് നം.എ6-16004/2003/ജി.മെ.ഓ(ആ),കോഴിക്കോട്,തീയതി:19/09/2023
5.A5/2212/2024/DMO(H) KKD,DTD.28/09/2024
6.നോട്ടീസ് നം.ആ.വ.ഡ/27252/2024-ഇ.എസ്3

**ഉത്തരവ് നം:ആ.വ.ഡ/27252/2024-ഇ.എസ്3 തീയതി:02-02-2025**

---

കോഴിക്കോട് ഗവ.ജനറൽ ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ തസ്തികയിലെ ജീവനക്കാരിയായ ശ്രീമതി.ഷീനമോൾ ജോസഫിനെ സൂചന 1 പ്രകാരമുള്ള സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി സൂചന 2 പ്രകാരം കോഴിക്കോട് ജില്ലാമെഡിക്കൽ ഓഫീസർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു.ടിയാൾ കേരള പി.എസ്.സി-യുടെ സൂചന 3-ലെ നിയമന ശിപാർശ പ്രകാരം കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ 07/05/2003-ൽ ജോലിയിൽ പ്രവേശിച്ചു.09/05/2003 മുതൽ 5 വർഷത്തേയ്ക്ക് ശൂന്യവേതനാവധിയ്ക്കായി അപേക്ഷ സമർപ്പിച്ചതിനുശേഷം അവധി അനുവദിക്കുന്നതിന് മുമ്പേ ടിയാൾ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും തുടർന്ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ നിർദേശാനുസരണം അച്ചടക്കനടപടികൾക്ക് വിധേയമായി 22/08/2005-ൽ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജോലിയിൽ പുനഃപ്രവേശിക്കുകയും ചെയ്തതായി സൂചന 4-ലെ ഉത്തരവ് പ്രകാരം വ്യക്തമാകുന്നു.ടി ജീവനക്കാരിയുടെ പ്രൊബേഷൻ 22/08/2007 FN പ്രാബല്യത്തിൽ സൂചന 5 പ്രകാരം ഉത്തരവാകുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ ശ്രീമതി.ഷീനമോൾ ജോസഫിനെ കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ജോലിയിൽ പുനഃപ്രവേശിച്ച തീയതിയായ 22/08/2005 പരിഗണിച്ച് സൂചന 1 പ്രകാരം പ്രസിദ്ധീകരിച്ച നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ 19D സ്ഥാനത്ത് താത്ക്കാലികമായി ഉൾപ്പെടുത്തി സൂചന 6 പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| SL.No. | PEN | Name | Existing rank no.in the seniority list of Nursing Officers as on 31/12/2019 | New rank no.in the seniority list of Nursing Officers as on 31/12/2019 | Date reckoned for seniority | Remarks |
|---|---|---|---|---|---|---|
| 1 | 339187 | SHIJILA.S | 19 C<br><br>[Included as per Order No.ES3-[Included as per Order No.ES3-1041/2022/DHS,DTD.21/06/2024]. | ---- | 25.07.2005 | KII(4)1848/2001/KPSC KOTTAYAM DTD.25.07.2005 |
| 2 | 366964 | SHEENAMOL JOSEPH | ---- | 19 D | 22/08/2005 | As per the advice no.DIII(3)388-97/KPSC KKD,DTD 17.02.2003 joined in regular service on 07/05/2003 But probation declared as on 22.08.2007 due to unauthorised absence from 09.05.2003. |
| 3 | 532926 | SEEJA ANTONY | 20 | ---- | 22/08/2005 | PII(3)2003-2006 KPSC PKD DTD.22.08.2005 |

പ്രസ്തുത നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും നാളിതുവരെ ലഭ്യമായിട്ടില്ല.ആയതിനാൽ പരാമർശം 6-ലെ നോട്ടീസ് സ്ഥിരപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.പരാമർശം1-ലെ ഉത്തരവ് ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

**Signed by Jayasree V**
**Date: 02-02-2025 20:34:04**

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ(എ&റ്റി)**

സ്വീകർത്താവ്:-

1.ബന്ധപ്പെട്ട വ്യക്തികൾക്ക്(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്:-

1.ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്
2.എല്ലാ ജില്ലാമെഡിക്കൽ ഓഫീസർമാർക്കും(ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)
3.സൂപ്രണ്ട്,ഇ.ഇ സെക്ഷൻ
4.ഫയൽ/കരുതൽ ഫയൽ